**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5180** **21-03-2025 - ൽ മറുപടിയ്ക്ക്**

**തെങ്ങിൻ തൈ ഉല്പാദനത്തിൽ ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | രോഗകീട ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ നട്ടുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരഗ്രാമം പദ്ധതിയിൻ കീഴിൽ രോഗ കീട ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ കേട്ട വന്നതും പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങ് മുറിച്ച് മാറ്റുന്നതിന് 1000/- രൂപയും പുതിയ തൈകൾ നട്ടുന്നതിനു 60/- രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു.<br><br>കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജുവിനേഷൻ എന്ന പദ്ധതിയിലും തെങ്ങ് മുറിച്ച് മാറ്റുന്നതിനും പുതിയവ നട്ടുന്നതിനും 1000/- രൂപയും 40/- രൂപയും വീതം നൽകുന്നു.<br><br>കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവിടങ്ങളിലെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള അത്യുല്പാദന ശേഷിയുള്ള നെടിയയിനം, കുറിയയിനം, സങ്കരയിനം തെങ്ങിൻ തൈകൾ 50% വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാളികേര വികസന കൗൺസിൽ പദ്ധതിയിലൂടെ നടപ്പാക്കുന്നു. |
| (ബി) | മെച്ചപ്പെട്ട തൈകൾ ഉൽപാദിപ്പിക്കുന്നതിനായി ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ടിഷ്യുക്കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. വലിയ തോതിലുള്ള തൈകളുടെ മൾട്ടിപ്ലിക്കേഷനുള്ള |

| | | | |
|---|---|---|---|
| | | | പ്രോട്ടോകോളുകൾ സ്ഥാപിച്ചെടുക്കാൻ ശ്രമങ്ങൾ ലോകം മുഴുവനുള്ള ലബോറട്ടറികളിൽ നടന്നു വരുന്നുണ്ട്. ഇപ്പോൾ ഇത്തരം പ്രോട്ടോകോൾ ലഭ്യമല്ലാത്തതിനാൽ വാണിജ്യടിസ്ഥാനത്തിൽ തെങ്ങിൽ തൈകളുടെ വർദ്ധനവ് സാധിച്ചിട്ടില്ല. തേങ്ങയിൽ നിന്നുള്ള മുകുളങ്ങൾ ഉപയോഗപ്പെടുത്തിയാൽ തൈകളിൽ ജനിതകപരമായ വ്യതിയാനം ഉണ്ടാകുമെന്നതിനാൽ പുറത്തേക്കു വളരുന്നതിന് മുമ്പിലുള്ള പൂക്കുലകളിലാണ് ഇപ്പോൾ പരീക്ഷണങ്ങൾ നടന്നുവരുന്നത്. |
| (സി) | ഈ പ്രവർത്തനത്തിലൂടെ നാളികേരത്തിന്റെ ഉല്പാദനം എത്ര കണ്ടു വർദ്ധിപ്പിക്കാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ടിഷ്യൂക്കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. വലിയ തോതിലുള്ള തൈകളുടെ മൾട്ടിപ്ലിക്കേഷനുള്ള പ്രോട്ടോകോളുകൾ സ്ഥാപിച്ചെടുക്കാൻ ശ്രമങ്ങൾ ലോകം മുഴുവനുള്ള ലബോറട്ടറികളിൽ നടന്നു വരുന്നുണ്ട്. ഇപ്പോൾ ഇത്തരം പ്രോട്ടോകോൾ ലഭ്യമല്ലാത്തതിനാൽ വാണിജ്യടിസ്ഥാനത്തിൽ തെങ്ങിൽ തൈകളുടെ വർദ്ധനവ് സാധിച്ചിട്ടില്ല. തേങ്ങയിൽ നിന്നുള്ള മുകുളങ്ങൾ ഉപയോഗപ്പെടുത്തിയാൽ തൈകളിൽ ജനിതകപരമായ വ്യതിയാനം ഉണ്ടാകുമെന്നതിനാൽ പുറത്തേക്കു വളരുന്നതിന് മുമ്പിലുള്ള പൂക്കുലകളിലാണ് ഇപ്പോൾ പരീക്ഷണങ്ങൾ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ